"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 2026 ആഗസ്ത് 6 മുതൽ 9 വരെ നോർത്ത് അമേരിക്കയിലെ ലിവിംഗ്സ്റ്റണിൽ വച്ച് നടക്കുന്ന ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (FOKANA) കൺവൻഷനിൽ പങ്കെടുക്കുന്നതിന്, തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ.ശ്രീ. വി വി രാജേഷിന് - യാത്രാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഇഎം)വകുപ്പ്**

സ.ഉ.(സാധാ) നം.1400/2026/LSGD തീയതി,തിരുവനന്തപുരം, 29-07-2026

---

പരാമർശം:-

1. ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (FOKANA) പ്രസിഡന്റിന്റെ 02.06.2026 തീയതിയിലെ ക്ഷണക്കത്ത്.
2. തിരുവനന്തപുരം നഗരസഭ മേയർ അഡ്വ.ശ്രീ. വി വി രാജേഷിന്റെ 23.07.2026 തീയതിയിലെ അപേക്ഷ.

**<u>ഉത്തരവ്</u>**

നോർത്ത് അമേരിക്കയിലെ ലിവിംഗ്സ്റ്റണിൽ വച്ച് 2026 ആഗസ്ത് 6 മുതൽ 9 വരെ നടക്കുന്ന ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (FOKANA) കൺവൻഷനിൽ പങ്കെടുക്കുന്നതിന് പരാമർശം (1) പ്രകാരം ക്ഷണം ലഭിച്ചിട്ടുള്ളതായും പരിപാടിയിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്ര, താമസം തുടങ്ങി എല്ലാ ചെലവുകളും FOKANA വഹിക്കുമെന്ന് അറിയിച്ചിട്ടുള്ളതായും ആയതിനാൽ ടി പരിപാടിയിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കണമെന്നുമാവശ്യപ്പെട്ട് തിരുവനന്തപുരം നഗരസഭ മേയർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026 ആഗസ്ത് 6 മുതൽ 9 വരെ നോർത്ത് അമേരിക്കയിലെ ലിവിംഗ്സ്റ്റണിൽ വച്ച് നടക്കുന്ന ഫെഡറേഷൻ ഓഫ് കേരള അസോസിയേഷൻ ഇൻ നോർത്ത് അമേരിക്ക (FOKANA) കൺവൻഷനിൽ പങ്കെടുക്കുന്നതിന്, ടി പരിപാടിയിൽ പങ്കെടുക്കുന്നതുമായി ബന്ധപ്പെട്ട് യാത്ര, താമസം തുടങ്ങി എല്ലാ ചെലവുകളും

FOKANA വഹിക്കുമെന്ന നിബന്ധനയോടെ തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ.ശ്രീ. വി വി രാജേഷിന് യാത്രാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ചിത്ര പി അരുണിമ കെ എ എസ്
അണ്ടർ സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Digitally signed by
Ajith Kumar K A
Date: 29-07-2026
16:29:54